ഉത്തരം

(എ) പ്രസ്തുത വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ധാരാളം സാക്ഷികളെ നേരിൽകണ്ട് മൊഴി രേഖപ്പെടുത്തേണ്ടതിനാലും ധാരാളം റെക്കാർഡുകൾ കണ്ടെടുത്ത് സൂക്ഷ്മമായി പരിശോധിക്കേണ്ടതിനാലും ആരോപണങ്ങളുടെ എണ്ണം കൂടുതലായതിനാലും സ്വാഭാവികമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്.

(ബി) വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് വിജിലൻസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആരാധനാലയങ്ങളിലെ സംഘർഷം ഒഴിവാക്കാൻ നടപടി

115 [1671] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രിസ്ത്യൻ പള്ളികളിലെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ പറയാമോ;

(ബി) ഇവയിൽ എത്ര സംഭവങ്ങളിൽ പോലീസ് ലാത്തിച്ചാർജ് നടത്തിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും പറയാമോ;

(സി) ഭാവിയിൽ ആരാധനാലയങ്ങളിലെ സംഘർഷം ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്രിസ്ത്യൻ പള്ളികളിലെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോട്ടയം ജില്ലയിൽ പാമ്പാടി പി. എസ്. ക്രൈം നമ്പർ 155/05. ആലുവ തൃക്കുന്നത്തു സെമിനാരിയിൽ നിലനിൽക്കുന്ന സഭാ തർക്കത്തിൽ പ്രതിഷേധിച്ച് 5-7-2005-ൽ കോട്ടയം ജില്ലയിൽ വെള്ളൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലേക്ക് സെന്റ് തോമസ് യാക്കോബായ പള്ളിയിലെ അംഗങ്ങൾ ജാഥ നടത്തുകയും തുടർന്നുണ്ടായ കല്ലേറിൽ 1500 രൂപയുടെ നഷ്ടം സംഭവിക്കുകയും ടി കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതും കേസ് അന്വേഷണാവസ്ഥയിലുമാണ്.

എറണാകുളം റൂറൽ ജില്ലയിൽ ആലുവ പി. എസ്.---5 കേസുകൾ

GPM. 2/542/2012.—20

LIBRARY ARCHIVES Kerala Legislative Assembly

2. ക്രൈം നമ്പർ 752/05

പ്രതികൾ മൈത്രാൻ കക്ഷി, കണ്ടാലറിയാവുന്ന 500-ഓളം പേർ 28-6-2005 പുലർച്ചെ ആലുവ തൃക്കുന്നത്ത് സെമിനാരിയിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്.

3. ക്രൈം നമ്പർ 769/05

ബാവാ കക്ഷിക്കാർ യു. സി. കോളേജിനു സമീപമുള്ള സെന്റ് മേരീസ് പള്ളിയിൽ 3-7-2005-ൽ ഒത്തുകൂടുകയും തുടർന്ന് ടി കോളേജി നടുത്ത് വച്ച് സർവ്വീസ് നടത്തുകയായിരുന്ന കെ. എസ്. ആർ. ടി. സി. ബസിന്റെ ഗ്ലാസ് കല്ലെറിഞ്ഞ് പൊട്ടിച്ചതുമായി ബന്ധപ്പെട്ട കേസ്.

4. ക്രൈം നമ്പർ 770/05

3-7-2005-ൽ ആലുവ യു. സി. കോളേജിനു സമീപത്തുള്ള സെന്റ് മേരീസ് പള്ളിയിൽ രണ്ടായിരത്തോളം പ്രതികൾ ന്യായവിരുദ്ധമായി സംഘം ചേരുകയും റോഡിൽ കൂടി പോയ വാഹനങ്ങൾ തടഞ്ഞു നിർത്തുകയും പോലീസിനു നേരെ കല്ലെറിയുകയും അഡ്വക്കേറ്റ് ജനറലിന്റെ കാർ കത്തിക്കുകയും ചെയ്തതിനോടനുബന്ധിച്ച കേസ്.

5. ക്രൈം നമ്പർ 771/05

3-7-2005-ൽ പ്രതികൾ ന്യായവിരുദ്ധമായി സംഘം ചേരുകയും കെ. എസ്. ആർ. ടി. സി. ബസ് തടഞ്ഞു നിർത്തി കല്ലെറിഞ്ഞ് ഗ്ലാസ്സ് പൊട്ടിച്ചതിനോടനുബന്ധിച്ചുള്ള കേസ്.

6. ക്രൈം നമ്പർ 772/05

3-7-2005-ൽ ആലുവ യു. സി. കോളേജിനു സമീപമുള്ള സെന്റ് മേരീസ് പള്ളിയിൽ പ്രതികൾ ഒത്തുചേരുകയും അതുവഴി കടന്നുപോയ വാഹനങ്ങൾ തടഞ്ഞു നിർത്തുകയും പോലീസുകാർക്ക് നേരെ കല്ലെറിഞ്ഞ് പരിക്കേൽപ്പിക്കുകയും ചെയ്തതിനോടനുബന്ധിച്ചുള്ള കേസ്.

(ബി) ആലുവ പോലീസ് സ്റ്റേഷൻ ക്രൈം 770/05 നമ്പർ കേസിനാസ്പദമായ സംഭവത്തോടനുബന്ധിച്ച് അക്രമാസക്തരായ സംഘത്തെ പിരിച്ചുവിടാൻ മറ്റു മാർഗ്ഗങ്ങളില്ലാതെ വരികയാൽ പോലീസ് നിയമാനുസരണം ലാത്തിച്ചാർജ് ചെയ്തിട്ടുള്ളതാണ്. ലാത്തിച്ചാർജിൽ ആർക്കും പരിക്കേറ്റതായി റിപ്പോർട്ട് ചെയ്തിട്ടില്ല. കല്ലേറിൽ 10 പോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്.

(സി) ആരാധനാലയങ്ങളിൽ സംഘർഷങ്ങൾ തടയുന്നതിനായി വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ചു അത്തരം സംഘങ്ങളുടെ നീക്കങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യാനുസരണമുള്ള നിയമപരമായ മുൻകരുതലുകൾ സ്വീകരിക്കുകയും നിലവിലുള്ള നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരുടെ മേൽ നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly